**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1970** **06-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് സിവിൽ സ്റ്റേഷൻ ജീവനക്കാരുടെ വീട്ടുവാടക ബത്ത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർകോട് സിവിൽ സ്റ്റേഷൻ സ്ഥിതിചെയ്യുന്നത് പഞ്ചായത്ത് പരിധിയിലാണോ നഗരസഭ പരിധിയിലാണോയെന്ന് അറിയിക്കാമോ; | (എ) | കാസറഗോഡ് സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് ചെങ്കള ഗ്രാമപഞ്ചായത്തിന്റെ പരിധിയിലാണ്. |
| (ബി) | പ്രസ്തുത സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് നൽകുന്ന വീട്ടുവാടക ബത്ത എത്ര ശതമാനമാണെന്നും ഇത് പഞ്ചായത്ത് പ്രദേശത്തെ വീട്ടുവാടക ബത്തക്ക് തുല്യമാണോയെന്നും അറിയിക്കാമോ; | (ബി) | മുൻ ശമ്പള പരിഷ്കരണത്തിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളെ നാലായി തിരിച്ചുകൊണ്ടാണ് 10.02.2021 ലെ സ.ഉ (പി)നം. 27/2021/ധന. ഉത്തരവിന്റെ ഖണ്ഡിക 12 പ്രകാരം ചുവടെ ചേർക്കും വിധത്തിൽ എച്ച്.ആർ.എ അനുവദിച്ചിട്ടുള്ളത്.<br><br>ക്ലാസ് എ:- കോർപ്പറേഷൻ പരിധിയിലെ സ്ഥാപനങ്ങൾ (10%)<br><br>ക്ലാസ് ബി:- ജില്ലാ ആസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റികൾ (8%)<br><br>ക്ലാസ് സി:- ജില്ലാ ആസ്ഥാനങ്ങൾക്ക് പുറത്തേ മുനിസിപ്പാലിറ്റികൾ (8%)<br><br>ക്ലാസ് ഡി:- പഞ്ചായത്ത് പ്രദേശങ്ങൾ (4%)<br><br>കോർപ്പറേഷൻ പ്രദേശങ്ങളിൽ പൊതുവായി 10% എച്ച്.ആർ.എ അനുവദിച്ചിട്ടുള്ളതിനാൽ കോഴിക്കോട്, എറണാകുളം ജില്ലാ ആസ്ഥാനങ്ങളിലെ ജീവനക്കാർക്കും 10% എച്ച്.ആർ.എ-യ്ക്കാണ് അർഹത. കാസർഗോഡ് കോർപ്പറേഷൻ പ്രദേശമല്ലാത്തതിനാൽ 10% എച്ച്.ആർ.എ-യ്ക്ക് അർഹതയില്ല. മുൻകാല ശമ്പള പരിഷ്കരണ ഉത്തരവുകളിൽ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിരിക്കുന്ന വീട്ടുവാടക ബത്ത സംബന്ധിച്ച പ്രത്യേക പരാമർശം ഒന്നും തന്നെ ഇല്ല. |
| (സി) | പ്രസ്തുത സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് മുൻകാല ശമ്പള പരിഷ്കരണ ഉത്തരവുകളിൽ വീട്ടുവാടക ബത്ത സംബന്ധിച്ച് അർഹമായ | (സി) | മുൻ ശമ്പള പരിഷ്കരണത്തിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളെ നാലായി തിരിച്ചുകൊണ്ടാണ് 10.02.2021 ലെ സ.ഉ (പി)നം. |

| | | | |
|---|---|---|---|
| | പരിഗണന നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ; ഇത്തവണ പ്രസ്തുത പരിഗണന ഒഴിവാക്കിയിരുന്നോ എന്നും വ്യക്തമാക്കാമോ; | | 27/2021/ധന. ഉത്തരവിന്റെ ഖണ്ഡിക 12 പ്രകാരം ചുവടെ ചേർക്കും വിധത്തിൽ എച്ച്.ആർ.എ അനുവദിച്ചിട്ടുള്ളത്.<br><br>ക്ലാസ് എ:- കോർപ്പറേഷൻ പരിധിയിലെ സ്ഥാപനങ്ങൾ (10%)<br><br>ക്ലാസ് ബി:- ജില്ലാ ആസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റികൾ (8%)<br><br>ക്ലാസ് സി:- ജില്ലാ ആസ്ഥാനങ്ങൾക്ക് പുറത്തേ മുനിസിപ്പാലിറ്റികൾ (8%)<br><br>ക്ലാസ് ഡി:- പഞ്ചായത്ത് പ്രദേശങ്ങൾ (4%)<br><br>കോർപ്പറേഷൻ പ്രദേശങ്ങളിൽ പൊതുവായി 10% എച്ച്.ആർ.എ അനുവദിച്ചിട്ടുള്ളതിനാൽ കോഴിക്കോട്, എറണാകുളം ജില്ലാ ആസ്ഥാനങ്ങളിലെ ജീവനക്കാർക്കും 10% എച്ച്.ആർ.എ-യ്ക്കാണ് അർഹത. കാസർഗോഡ് കോർപ്പറേഷൻ പ്രദേശമല്ലാത്തതിനാൽ 10% എച്ച്.ആർ.എ-യ്ക്ക് അർഹതയില്ല. മുൻകാല ശമ്പള പരിഷ്കരണ ഉത്തരവുകളിൽ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിരിക്കുന്ന വീട്ടുവാടക ബത്ത സംബന്ധിച്ച പ്രത്യേക പരാമർശം ഒന്നും തന്നെ ഇല്ല. |
| (ഡി) | എറണാകുളം, കോഴിക്കോട് ജില്ല ആസ്ഥാനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകി വീട്ടുവാടക ബത്ത ഉയർത്തി നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ കാസർഗോഡിന് ഈ പരിഗണന നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | മുൻ ശമ്പള പരിഷ്കരണത്തിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളെ നാലായി തിരിച്ചുകൊണ്ടാണ് 10.02.2021 ലെ സ.ഉ (പി)നം. 27/2021/ധന. ഉത്തരവിന്റെ ഖണ്ഡിക 12 പ്രകാരം ചുവടെ ചേർക്കും വിധത്തിൽ എച്ച്.ആർ.എ അനുവദിച്ചിട്ടുള്ളത്.<br><br>ക്ലാസ് എ:- കോർപ്പറേഷൻ പരിധിയിലെ സ്ഥാപനങ്ങൾ (10%)<br><br>ക്ലാസ് ബി:- ജില്ലാ ആസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റികൾ (8%)<br><br>ക്ലാസ് സി:- ജില്ലാ ആസ്ഥാനങ്ങൾക്ക് പുറത്തേ മുനിസിപ്പാലിറ്റികൾ (8%)<br><br>ക്ലാസ് ഡി:- പഞ്ചായത്ത് പ്രദേശങ്ങൾ (4%)<br><br>കോർപ്പറേഷൻ പ്രദേശങ്ങളിൽ പൊതുവായി 10% എച്ച്.ആർ.എ അനുവദിച്ചിട്ടുള്ളതിനാൽ കോഴിക്കോട്, എറണാകുളം ജില്ലാ ആസ്ഥാനങ്ങളിലെ ജീവനക്കാർക്കും 10% എച്ച്.ആർ.എ-യ്ക്കാണ് അർഹത. കാസർഗോഡ് കോർപ്പറേഷൻ പ്രദേശമല്ലാത്തതിനാൽ 10% |

| | | | |
|---|---|---|---|
| | | | എച്ച്.ആർ.എ-യ്ക്ക് അർഹതയില്ല. മുൻകാല ശമ്പള പരിഷ്കരണ ഉത്തരവുകളിൽ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിരിക്കുന്ന വീട്ടുവാടക ബത്ത സംബന്ധിച്ച പ്രത്യേക പരാമർശം ഒന്നും തന്നെ ഇല്ല. |
| (ഇ) | നഗരസഭകളിൽ സ്ഥിതിചെയ്യുന്ന സിവിൽ സ്റ്റേഷനുകളിൽ അനുവദിക്കുന്ന വീട്ടുവാടക ബത്ത കാസർകോട് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്കും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിലെ ഉത്തരവിൽ മാറ്റം വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ